# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2282 18.02.2016 - ൽ മറുപടിക്ക്

## നഴ്സുമാരുടെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പ് സ്റ്റാഫ് നഴ്സ് തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ്; | എ) | 12.11.2013 - ൽ |
| ബി) | ഇതുവരെ എത്ര വേക്കൻസികൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു; എത്ര നിയമനങ്ങൾ നടക്കുകയുണ്ടായി; | ബി) | 167 ഒഴിവുകൾ, 166 പേർക്ക് നിയമന ഉത്തരവ് നൽകുകയുണ്ടായി. |
| സി) | ഉദ്യോഗക്കയറ്റം, റിട്ടയർമെന്റ്, ദീർഘകാല അവധി എന്നിങ്ങനെ ഉണ്ടായിട്ടുള്ള എത്ര ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യുവാനുണ്ട്; | സി) | തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ൽ നിന്നും സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ഉണ്ടാകുന്ന 19 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്. റിട്ടയർമെന്റ്, ദീർഘകാല അവധി മുഖേനയുണ്ടായിട്ടുള്ള ഒഴിവുകൾ എല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഡി) | തിരുവനന്തപുരം ജില്ലയില വിവിധ ആശുപത്രികളിലും സി.എച്ച്.സി. കളിലും പി.എച്ച്.സി.കളിലുമായി പുതുതായി എത്ര സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; | ഡി) | 147 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

(PTO)

| | | | |
|---|---|---|---|
| ഇ) | പുതുതായി സൃഷ്ടിച്ച എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പുതുതായി സൃഷ്ടിച്ച എത്ര സ്റ്റാഫ് നഴ്സ് ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ? | ഇ) | പുതുതായി സൃഷ്ടിച്ച ഒഴിവുകളിൽ സ.ഉ(എം.എസ്) നം.27/2016/ആ.കു.വ തീയതി 02.02.2016 പ്രകാരം വലിയതുറ കോസ്റ്റൽ സ്പെഷ്യലിറ്റി ആശുപത്രിയിൽ അധികമായി സൃഷ്ടിച്ച 5 ഒഴിവുകൾ ഒഴികെ മറ്റുള്ളതെല്ലാം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തു. നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ